ഹയർസെക്കന്ററി കോമേഴ്സ് അദ്ധ്യാപക ഒഴിവുകൾ

55 (†1074) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി കോമേഴ്സ് (സീനിയർ/ജൂനിയർ, നോൺ വൊക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ സീനിയർ ജൂനിയർ വിഭാഗങ്ങളിലായി എത്ര പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തികകളിലെ എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി കോമേഴ്സ് (സീനിയർ) അദ്ധ്യാപകരുടെ 32 ഒഴിവുകളും ഹയർസെക്കന്ററി കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ 358 ഒഴിവുകളും നോൺ വൊക്കേഷണൽ കോമേഴ്സ് (സീനിയർ) അദ്ധ്യാപകരുടെ 21 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നോൺ വൊക്കേഷണൽ വിഭാഗത്തിലെ 21 ഒഴിവുകളിൽ 17 എണ്ണം നേരിട്ടുള്ള നിയമനത്തിനും 4 എണ്ണം മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും ബൈട്രാൻസ്ഫർ മുഖാന്തിരമുള്ള നിയമനത്തിനുമുള്ളതാണ്.

(ബി) ഹയർസെക്കന്ററി കോമേഴ്സ് (സീനിയർ) വിഭാഗത്തിൽ 32 പേരെയും ജൂനിയർ വിഭാഗത്തിൽ 356 പേരെയും വൊക്കേഷണൽ വിഭാഗത്തിൽ 17 പേരെയും പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഹയർസെക്കന്ററി സ്കൂളുകളിൽ അനുവദിച്ച സീറ്റുകൾ

56 (1075) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകളിൽ എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

---

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ ഓരോ ജില്ലയിലും എത്ര സീറ്റുകൾ അനുവദിച്ചിരുന്നു; അതിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നു; വിശദമാക്കാമോ ;

(സി) കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ ബാച്ചുകൾ അനുവദിച്ചതുമൂലമാണ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 346995 സീറ്റുകൾ. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ഉണ്ട്. എന്നാൽ ഇത്തരം സീറ്റുകൾ ഏറെയും അൺഎയ്ഡഡ് മേഖലയിലാണ്. സർക്കാർ/എയ്ഡഡ് മേഖലയിൽ ഒഴിവ് വന്ന സീറ്റുകൾ ഏറെയും പിന്നോക്ക പ്രദേശങ്ങളിലും യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങളിലുമാണ്.

ഹയർ സെക്കന്ററി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

57 (1076) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി കോമേഴ്സ് അദ്ധ്യാപകരുടെ ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ എത്ര സ്ഥിരം ഒഴിവുകൾ 31-3-2015 വരെ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണ് ;

(ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിൽനിന്ന് എത്രപേർക്ക് നിയമനം നൽകിയെന്നറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly